# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 492

05.07.2012-ൽ മറുപടിക്ക്.

### എമർജിംഗ് കേരള ഹൈ പവർ കമ്മിറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. സി.കെ. സദാശിവൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) 'എമർജിംഗ് കേരള സംഗമം' സംഘടിപ്പിക്കുന്നതിനായുള്ള ഹൈപവർ കമ്മിറ്റിയുടെ ഇതുവരെ യുള്ള തീരുമാനങ്ങൾവിശദമാക്കാമോ; | (എ)'എമർജിംഗ് കേരള' സംഘടിപ്പിയ്ക്കുന്നതിനുള്ള ഹൈപവർ കമ്മിറ്റി 20.09.11 ൽ ചേരുകയും താഴെപറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.<br><br>(i) എമർജിംഗ് കേരളയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ചീഫ് സെക്രട്ടറി ചെയർമാനായുള്ള ഒരു ഹൈലെവൽ കമ്മിറ്റി രൂപീകരണം.<br>(ii) എമർജിംഗ് കേരളയിലേയ്ക്ക് പദ്ധതികൾ കൊണ്ടുവരുന്നതിനുവേണ്ടി അതാതു വകുപ്പുകളിൽ പ്രോജക്ട് കമ്മിറ്റികൾ രൂപീകരണം.<br>(iii) എമർജിംഗ് കേരളയ്ക്കു വേണ്ടി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ഉദ്ഘാടനം ചെയ്യാൻ ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രിയെ ക്ഷണിക്കുക<br>(iv) എമർജിംഗ് കേരളയുടെ പ്രചരണത്തിനുവേണ്ടി ഇന്ത്യയിലെ പ്രധാന നഗരങ്ങളായ ഡെൽഹി,മുംബൈ ബാംഗ്ലൂർ, ചെന്നൈ, ഹൈദ്രാബാദ്, പൂണെ എന്നിവിടങ്ങളിൽ വ്യവസായ സംഗമങ്ങൾ നടത്തുക.<br>(v) ചില വിദേശരാജ്യങ്ങളിൽ വ്യവസായ സംഗമം നടത്തുക. |
| (ബി) ഇതിനായുള്ള ഹൈപവർ കമ്മിറ്റി എത്ര തവണ ചേരുകയുണ്ടായി; | (ബി) ഹൈപവർ കമ്മിറ്റി ഒരു തവണ കൂടുകയുണ്ടായി. |
| (സി) വ്യവസായ പ്രമുഖരുടെ മുമ്പാകെ സമർപ്പിക്കുന്നതിന് ഏതെല്ലാം പദ്ധതി നിർദ്ദേശങ്ങളാണ് ഇതിനകം തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) വ്യവസായ പ്രമുഖരുടെ മുമ്പാകെ സമർപ്പിക്കുന്നതിന് ഇതുവരെ വിവിധ വകുപ്പുകളിൽപ്പെട്ട വിവിധ മേഖലകളിലെ 150 ഓളം പദ്ധതികൾ തയ്യാറായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ